ഉത്തരം

(എ&ബി) കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ജൻ ഔഷധി സെന്ററുകൾ തുടങ്ങുന്നതിനും ബോധവൽക്കരണത്തിനും സ.ഉ.(സാ) നം.2190/15/ആ.കു.വ. തീയതി 14-7-2015 പ്രകാരം കേരള മെഡിക്കൽ കോർപ്പറേഷനെ ഓപ്പറേറ്റിംഗ് ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

(സി) എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യമായി ജനറിക് മരുന്നുകൾ ലഭ്യമാണ്. ആദായനികുതി ഒടുക്കുന്നവർ ഒഴികെ എല്ലാവർക്കും മരുന്ന് സൗജന്യമാണ്.

ഇ-ഹെൽത്ത് പ്രോഗ്രാം

12 (3443) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്ഥാനത്തെ ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി ഇ-ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇ-ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുന്നതിനായി കേന്ദ്രത്തിൽ നിന്നും എത്ര രൂപ ധനസഹായം ലഭിച്ചു ; സംസ്ഥാനം എത്ര രൂപ മാറ്റി വച്ചു ; എത്ര രൂപ ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(സി) ജീവിത ശൈലീരോഗങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനായി ഇ-ഹെൽത്ത് പ്രോഗ്രാം വഴി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതിയ്ക്കു വേണ്ടിയുള്ള സോഫ്റ്റ് വെയർ നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. മൂന്ന് മാസത്തിനകം തെരഞ്ഞെടുത്ത ആരോഗ്യകേന്ദ്രങ്ങളിൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുവാനും 2016 അവസാനത്തോടെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം തുടങ്ങി 7 ജില്ലകളിൽ പദ്ധതി നടപ്പിലാക്കുവാനുമാണ് ഇപ്പോൾ വിഭാവനം ചെയ്തിട്ടുള്ളത്. വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക; കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക, കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളേയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക, കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആശുപത്രി കളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സയ്ക്കായി വീണ്ടും എത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

(ബി) ഇ-ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുന്നതിനായി കേന്ദ്രവിഹിതമായി നിശ്ചയിച്ചിട്ടുള്ള 86.96 കോടി രൂപയിൽനിന്നും 43.34725 കോടി രൂപ കേന്ദ്രധന സഹായമായി ലഭിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമായി നിശ്ചയിച്ചിട്ടുള്ളത് 9.4259 കോടി രൂപയുമാണ്. ഇതിനായി 2015-16 വർഷത്തെ പദ്ധതി ബഡ്ജറ്റിൽ രണ്ട് ശീർഷകങ്ങളിലായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 30-6-2015 വരെ പ്രസ്തുത പദ്ധതിക്കുവേണ്ടി 4.53 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ജീവിത ശൈലീരോഗങ്ങളെ നിയന്ത്രിക്കുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ എന്നിവ വഴി നടത്തുന്ന ആരോഗ്യപ്രവർത്തനങ്ങളെ സഹായിക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയറുകളും ടാബ് ലെറ്റ് പി.സി.കളും ഇ-ഹെൽത്ത് പദ്ധതിവഴി ലഭ്യമാക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ ജീവിതശൈലീരോഗങ്ങളെ സംബന്ധിച്ച നിർണ്ണയ, നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയും. സബ്സെന്ററുകളിലും പ്രാഥമികാ രോഗ്യകേന്ദ്രങ്ങളിലും നടക്കുന്ന എൻ.സി.ഡി. സ്ക്രീനിംഗ് വഴി ലഭിക്കുന്ന വിവരങ്ങൾ കമ്പ്യൂട്ടർ ഡേറ്റാബേസിൽ സൂക്ഷിക്കുകയും ചികിത്സ ആരംഭിക്കുകയും ചെയ്യും. ചികിത്സയുടെ വിവരങ്ങളും കമ്പ്യൂട്ടർവഴി ലഭ്യമായിരിക്കും. അതിനാൽ കേരളത്തിലെ ഏത് സർക്കാർ ആശുപത്രിയിൽ തുടർ ചികിത്സയ്ക്കുവേണ്ടി എത്തിയാലും കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശരിയായ തുടർചികിത്സ ലഭ്യമാക്കാൻ കഴിയും.